**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 51** | **29.11.2018-ൽ മറുപടിക്ക്**

## വിനോദസഞ്ചാര മേഖലയിലെ പ്രളയാനന്തര സാഹചര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. നൗഷാദ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പ്രധാന സേവനാധിഷ്ഠിത വ്യവസായമായ വിനോദ സഞ്ചാര മേഖലക്ക് പ്രളയക്കെടുതിയിൽ ഉണ്ടായ നഷ്ടം കണക്കാക്കി യിട്ടുണ്ടോ; വ്യവസായ ത്തിന്റെ പുനരുജ്ജീവന ത്തിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) ഉണ്ട്. പ്രളയക്കെടുതിയിൽ ടൂറിസം വ്യവസായത്തിന് 1017 കോടി രൂപയുടെയും ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ 55 കോടി രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. കൂടാതെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ യഥാക്രമം 18.46, 18.16 ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലും ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ കുറവുണ്ടായിട്ടുണ്ട് (12.56%, 5.85%). പ്രസ്തുത കുറവിന് ആനുപാതികമായി വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിന് ഇടിവ് സംഭവിച്ചിട്ടുണ്ട്.<br><br>പുനരുജ്ജീവനത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ച കഴിഞ്ഞിട്ടുണ്ട്. പ്രളയാനന്തര കേരളത്തിൽ വിനോദ സഞ്ചാരമേഖലയിൽ ഉണർവുണ്ടാക്കുന്നതിനായി "Post Flood Campaign" എന്ന പ്രത്യേക ക്യാമ്പയിൻ ആവിഷ്കരിക്കുകയുണ്ടായി. ആലപ്പുഴ പുന്നമടക്കായലിൽ 66-ാമത് നെഹ്റു ട്രോഫി ബോട്ട് റേസ് |

10/11/2018-ൽ നടത്തുകയുണ്ടായി. ഇതിനുപരിയായി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി ട്രേഡ് മീറ്റ്, മീഡിയാ മീറ്റ് എന്നിവ സംഘടിപ്പിച്ച് പ്രളയക്കെടുതിയ്ക്ക് ശേഷം കേരളം ടൂറിസം രംഗത്ത് ശക്തമായ തിരിച്ചുവരവ് നടത്തി എന്ന പ്രചാരണം നടത്തുകയും ചെയ്തു.

| | | | |
|---|---|---|---|
| ബി) | റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും പുനഃസ്ഥാപിക്കുന്നതിന് സാധ്യമായിട്ടുണ്ടോ; ഇതിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | ബി) | പ്രളയത്തിൽ തകർന്ന, ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ പുന:സ്ഥാപിക്കുന്ന പ്രവൃത്തികൾ, ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്നില്ല. എന്നാൽ ടൂറിസം ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായി പുന:സ്ഥാപിക്കാനുള്ള നടപടികൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർ നിർമ്മാണത്തിന് 2,09,20,000/- രൂപയുടെ ഭരണാനുമതി.<br>2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000/-<br>3. മൺട്രോതുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ട്രി ബോട്ട് ടെർമിനൽ & ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446/-<br>4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030/- |
| സി) | പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര വികസനം പരിസ്ഥിതി സൗഹാർദ്ദപരമാക്കി മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | സി) | ഉദ്ദേശിക്കുന്നുണ്ട്. വിനോദസഞ്ചാര വികസനം പരിസ്ഥിതി സൗഹാർദ്ദമാക്കി നടപ്പിലാക്കാനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചു വരുന്നത്. 78 ഡെസ്റ്റിനേഷനുകളെ ഗ്രീൻ കാർപ്പറ്റ് സ്കീമിൽ ഉൾപ്പെടുത്തി പരിസ്ഥിതി സൗഹാർദ്ദമാക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതിന്റെ ഫലപ്രദമായ നടത്തിപ്പിലേക്കായി ഈ ഓരോ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ |

ഇരുപത്തിയൊന്ന് കേന്ദ്രങ്ങളെ കേരളത്തിൽ ഗ്രീൻ സർട്ടിഫിക്കേഷൻ ലഭ്യമാക്കേണ്ട സ്ഥലങ്ങളായി തീരുമാനിച്ചിട്ടുണ്ട്. അവ താഴെ പറയുന്നു. കുമരകം, ആലപ്പുഴ ഫിനിഷിംഗ് പോയിന്റ്, മുഹമ്മ, വൈക്കം, പള്ളാതുരുത്തി, മാരാരി ബീച്ച്, പൂവ്വാർ, കോവളം, ഫോർട്ട് കൊച്ചി, വർക്കല, മൂന്നാർ, ധർമ്മടം, ബേക്കൽ, വലിയപറമ്പ, തേക്കടി, ഒളവണ്ണ, അതിരപ്പിള്ളി, മുഴപ്പിലങ്ങാട്, വെള്ളിനേഴി, വൈത്തിരി, അമ്പലവയൽ.

ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനും അവയെ സുരക്ഷിത മേഖലകളാക്കി മാറ്റുന്നതിനും ഉള്ള പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടത്തി വരുന്നത്. മാലിന്യസംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പറ്റ് സ്കീം കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, എൻ.ജി.ഒ.കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

സംസ്ഥാനത്തെ കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിനോദസഞ്ചാരം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായി ഒരു ടാസ്ക്

ഫോഴ്സ് സർക്കാർ രൂപീകരിച്ചിട്ടുണ്ട്. എല്ലാ മാസവും ടാസ്ക് ഫോഴ്സിന്റെയും കൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും ഇതിന്റെ അവലോകന യോഗങ്ങൾ നടന്നു വരുന്നു. കൂടാതെ മാലിന്യ പ്രശ്നം സംബന്ധിച്ചുള്ള വിഷയം പരിഹരിക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ മൂന്നാർ മേഖലയിലും ഇതിന്റെ പ്രവർത്തനം ഇതിനകം തന്നെ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിയ്ക്ക് ധനസഹായവും നൽകി വരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ എൻജിഒ-യെ ഉപയോഗപ്പെടുത്തി ചെയ്യുന്ന ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ്-സർവീസ് മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്രമായ മാലിന്യ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്, വേസ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ നടപ്പിലാക്കി വരുന്നു.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി

സ്വീകരിച്ചു വരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകൾ, ഇടവഴികൾ, നടപ്പാതകൾ, റോഡുകൾപ്പെടെയുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളെ സിസിടിവി ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വേളി ടൂറിസ്റ്റ് വില്ലേജിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം അതാത് പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ/ പോലീസ് വകുപ്പ്/ വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ